**23U235** (Pages: 2) Name: ………………………

Reg. No: ……………………

**SECOND SEMESTER B.Com./B.B.A. DEGREE EXAMINATION, APRIL 2024**

(CBCSS – UG)

(Regular/Supplementary/Improvement)

**CC19U MAL2 A08(2) – മലയാള സാഹിത്യ പഠനം – II**

(Malayalam – Common Course)

(2019 Admission onwards)

Time: 2.5 Hours Maximum: 80 Marks

Credit: 4

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം . പരമാവധി മാർക്ക് 25.

1. "അന്യഭാഷാബ്ധിയിലാണ്ടാണ്ട് മുങ്ങിയ ധന്യരേ, നിങ്ങൾതൻ വേല പാഴിൽ"–വിവക്ഷിതമെന്ത്?
2. "അതൊരു പൊതുധാരണയുടെ ചടങ്ങും ഹരവുമായി മാറിക്കഴിഞ്ഞിരുന്നു"–ഏത്?
3. പാണിനിയെ പറ്റിച്ചവനാണ് വിശ്വാമിത്രൻ –സൂചിതമെഴുതുക.
4. "മനസ്സാൽ ചെയ്യപ്പെട്ട പാപമേ ഗുരുതരം"–സൂചനയെന്ത്?
5. രാമായണ നാടകത്രയങ്ങൾ ഏതെല്ലാം ?
6. ഇക്കുറി ആതിരയെ നമുക്കൊരുമിച്ചു വരവേൽക്കാമെന്ന് കവി പറയുന്നത് എന്തുകൊണ്ട്?
7. ക്രിസ്റ്റീൻ അഹറോൻ ഇന്ത്യയിലേക്ക് വരാനുണ്ടായ കാരണമെന്ത്?
8. "സപത്നിയുടെ പുത്രൻ നാടുവാഴണമെന്ന പള്ളിക്കെട്ടുടമ്പടി ഒരു രാജപത്നിയും മറക്കുകയില്ല"–ആരുടെ വാക്കുകൾ ? സന്ദർഭം ?
9. "ഇരുട്ട് വഴീല് പത്തീം വിടർത്തി ചീറ്റി നിക്കാണ് അവള്ടെ പക"–സൂചിതമെന്ത്?
10. "ഏത് നന്മയും ക്രമാൽ മുന കൂർപ്പിച്ചിട്ടേറ്റം യാതനാവഹമാക്കാൻ കഴിയും നരന്നെന്നും"–വക്താവാര്? ഇങ്ങനെ പറയാനുള്ള കാരണമെന്ത്?
11. സിസ്റ്റർ ഫ്ലോറയുടെ സമാധാനം നഷ്ടപ്പെട്ടത് എന്തുകൊണ്ടാണ്?
12. "നല്ല കുട്ടികള് ഇങ്ങനെ സ്വാർത്ഥം കാണിക്കോ"–അമ്മമ്മയുടെ ഈ വാക്കുകളുടെ സൂചനയെന്ത്?
13. തഞ്ചാവൂരിൽനിന്നും തന്റെ നാട്ടിലേക്ക് പോകണമെന്ന് ഒ. വി. വിജയൻ ശഠിച്ചത് എന്തുകൊണ്ടായിരുന്നു ?
14. ദുഷ്യന്തൻമാഷ് ബിരുദമെടുത്തത് എവിടെനിന്ന്, ഏത് വിഷയത്തിൽ ?
15. "നിന്റെ സൗന്ദര്യം ഏതോ മൂഢന്റെ സ്വപ്നമായിരുന്നു. വേനലേറ്റ പുഴയെപ്പോലെ നീ വറ്റിവരണ്ടുപോയി"– സന്ദർഭവും ആശയവും എഴുതുക ?

**(Ceiling: 25 Marks)**

II. ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 ചോദ്യങ്ങൾ. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി 35 മാർക്ക്

16. മലയാളഭാഷയോട് 'മത്താടിക്കൊൾകഭിമാനമേനീ' എന്ന് കവി പറയാനുള്ള കാരണങ്ങൾ എന്തെല്ലാം ?"

17. ആത്മത്യാഗത്തിന്റെ കീർത്തി ഞാൻ കൊതിക്കുന്നില്ല."–കൈകേയിയുടെ ഈ വാക്കുകളുടെ സാംഗത്യം പരിശോധിക്കുക ?

18. "പാരിന്റെ നന്മക്കത്രേ, പാഴ്വൻപ് കാട്ടാനാല്ലീ – യാരണ്യപിതാക്കൾതന്നാത്മീയ ധനം."–പരശുരാമനോടുള്ള ഈ ഉപദേശത്തിന്റെ പൊരുളെന്ത്?

19. രാജ്യഭരണമേറ്റശേഷം ദുഷ്യന്തൻമാഷ് നടപ്പാക്കിയ ഭരണപരിഷ്കാരങ്ങൾ എന്തെല്ലാം ?

20. ഒക്ടോബർ വിപ്ലവത്തിന്റെ പരിണതഫലം എന്തായിരുന്നു ?

21. "ഞാൻ മനുഷ്യക്കുട്ടിയല്ലേ ? എനിക്ക് ജീവനുണ്ട്"–കമല ഇങ്ങനെ പറയാനിടയായ സന്ദർഭം ഏത്? വിശദമാക്കുക.

22. "ഒക്കെയുമോ ഓർമ്മകളായിരിക്കാം" –എന്തെല്ലാമാണ് ഓർമ്മകൾ ?

23. "ഭവതിയെ ഭർതൃഘാതകിയെന്നും കുലഘാതകിയെന്നും ഞാൻ നിനയ്ക്കുന്നു."–ആരുടെ വാക്കുകൾ ? വിലയിരുത്തുക.

**(Ceiling: 35 Marks)**

III. ഏതെങ്കിലും 2 ചോദ്യത്തിന് മൂന്നുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക് വീതം.

24. ദളിത് ജീവിതത്തിന്റെ നേർചിത്രമാണ് 'തായ്കുലം' എന്ന കഥയിലൂടെ സാറാജോസഫ് ആവിഷ്കരിക്കുന്നത്. ചർച്ചചെയ്യുക.

25. ആക്ഷേപഹാസ്യപ്രധാനമാണ് വി. കെ. എൻ. കൃതികൾ. ദുഷ്യന്തൻമാഷ് എന്ന കഥയെ ആസ്പദമാക്കി ഈ പ്രസ്താവനയെ വിശകലനം ചെയ്യുക.

26. പ്രണയത്തിന്റേയും വാശിയുടെയും സമന്വയം കൈകേയി എന്ന കഥാപാത്രത്തിൽ പ്രകടമാക്കുവാൻ സി. എൻ. ശ്രീകണ്ഠൻനായർക്ക് എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന് പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

27. ആധുനിക കാലഘട്ടത്തിലെ അധഃപതിച്ച ഒരു സമൂഹത്തിന്റെ പരിപ്രേക്ഷ്യമാണ് ബംഗ്ലാവ് എന്ന കഥ. ചർച്ച ചെയ്യുക.

**(2 × 10 = 20 Marks)**

*******